**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 272** **23-01-2025 - ൽ മറുപടിയ്ക്ക്**

**മുൻഗണന റേഷൻ കാർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രസർക്കാർ നിശ്ചയിച്ച മുൻഗണനാ മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തതുകാരണം അർഹതയുണ്ടായിട്ടും സംസ്ഥാനത്ത് നിരവധിപേരെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം-2013-ലെ വ്യവസ്ഥകൾ പ്രകാരം 2018 - ൽ സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം രൂപീകരിക്കുകയും ആയത് പ്രകാരം മുൻഗണനാ വിഭാഗത്തിലേക്കുള്ള inclusion/exclusion മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും അർഹരായ കുടുംബങ്ങളെ മുൻഗണന വിഭാഗത്തിലേയ്ക്ക് ഉൾപ്പെടുത്താൻ നടപടികൾ കൈക്കൊള്ളുകയും ചെയ്തു. എന്നാൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം-2013 പ്രകാരം കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് മുൻഗണന വിഭാഗത്തിലേയ്ക്ക് ഉൾപ്പെടുത്താൻ അനുമതി നൽകിയ അംഗങ്ങളുടെ എണ്ണം 15480040 ആണ്. ഇപ്രകാരം പരിധി നിശ്ചയിച്ചിട്ടുള്ളതിനാൽ അർഹരായ മുഴുവൻ കുടുംബങ്ങളേയും ടി.വിഭാഗത്തിൽ ഉൾപ്പെടുത്താൻ കഴിയാത്ത സാഹ ചര്യമാണ് നിലവിലുള്ളത്. എന്നാൽ 27/10/2020-ലെ 319/2020/ഭ.പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ ഗുരുതര രോഗബാധ, ഭിന്നശേഷി, സാമ്പത്തിക സാമൂഹിക പിന്നോക്കാവസ്ഥ തുടങ്ങിയ പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയ്ക്ക് അർഹരാണെന്ന് ബോധ്യപ്പെട്ടതുമായ അപേക്ഷകളിൽ ഓരോന്നിന്റെയും മെറിറ്റ് പരിശോധിച്ച് അർഹരായവരെ മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തിവരുന്നു. |
| (ബി) | കേന്ദ്രസർക്കാർ നിലവിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ ഇളവ് വരുത്തിക്കൊണ്ട് കൂടുതൽ കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | നടപടി സ്വീകരിക്കുന്നതാണ്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം-2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ വിഭാഗത്തിലേയ്ക്ക് ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാർ അനുമതി നൽകിയ അംഗങ്ങളുടെ എണ്ണം 15480040 ആണ്. ഇത് 2011 ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യ ആനുപാതികം ആയിട്ടുള്ളതായിരുന്നു അതിനുശേഷം ജനസംഖ്യ വർദ്ധനവിന് |

| | | | |
|---|---|---|---|
| | | | ആനുപാതികമായി കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി വർധിപ്പിച്ചിട്ടില്ല. |
| (സി) | ഈ സർക്കാരിന്റെ കാലയളവിൽ ആളുകൾ സ്വമേധയാ തിരിച്ചേൽപ്പിച്ചതും 'ഓപ്പറേഷൻ യെല്ലോ' ഉൾപ്പെടെയുള്ള പരിശോധനകളിലൂടെ കണ്ടെത്തിയിട്ടുള്ളതുമായ മുൻഗണനാ കാർഡുകൾ അർഹരായ കുടുംബങ്ങൾക്ക് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 21-5-2021 മുതൽ, അനർഹമായി കൈവശം വച്ചിരുന്നതും പൊതുവിഭാഗത്തിലേക്ക് മാറ്റിയതുമായ കാർഡുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു (ഓപ്പറേഷൻ യെല്ലോ ഉൾപ്പെടെ)<br><br>1. സ്വമേധയ സറണ്ടർ ചെയ്ത മുൻഗണനാ വിഭാഗം കാർഡുകൾ -201469<br><br>2. ഉദ്യോഗസ്ഥരുടെ പരിശോധനയിലൂടെ കണ്ടെത്തിയ മുൻഗണനാ വിഭാഗം കാർഡുക - 103945<br><br>3. പരാതികളുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ മുൻഗണനാ വിഭാഗം കാർഡുകൾ-29108<br><br>4. അനർഹമായി കൈവശം വച്ചിരുന്നതും പൊതുവിഭാഗത്തിലേക്ക് മാറ്റിയതുമായ ആകെ കാർഡുകൾ -334552.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 21-5-2021 മുതൽ 55146 കാർഡുകൾ - AAYലേക്കും, പുതുതായും, തരം മാറ്റിയും ആകെ 517102 അർഹരായവർക്ക് നൽകിയിട്ടുണ്ട് . |
| (ഡി) | അനർഹമായി കൈവശം വച്ചിരുന്ന മുൻഗണനാ കാർഡുകൾ സർക്കാർ നിർദ്ദേശിച്ച കാലയളവിനുള്ളിൽ സ്വമേധയാ തിരിച്ചേൽപ്പിച്ച കേസുകളിൽ പിഴ ഈടാക്കിയതായി ആക്ഷേപം ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | സ്വമേധയ കാർഡ് സറണ്ടർ ചെയ്തവരിൽ നിന്നും പിഴ ഈടാക്കിയതായ പരാതികൾ ലഭിക്കുന്ന പക്ഷം ആയത് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ